നം:ഇ.എസ്.3-20120/17/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി: 22.02.2018.

# നോട്ടീസ്

വിഷയം: ആ.വ.ഡ - ജീവനക്കാര്യം - ദ്വിഭരണ സംബ്രദായം നിർത്തലാക്കിയ സാഹചര്യത്തിൽ സ്റ്റാഫ് നേഴ്സുമാരെ സീനിയോരിറ്റി പട്ടികയിൽ പേര് ചേർക്കുന്നത് - സംബന്ധിച്ച്.

സൂചന: 1) ജി.ഒ. (ആർ.റ്റി) നമ്പർ 3554/2017/ആ.കു.വ തീ: 18.12.2017.
2) ജി.ഒ. (ആർ.റ്റി.) നമ്പർ 3606/2017/ആ.കു.വ. തീ: 22.12.2017.
3) ലെറ്റർ നം: എ5-221/18/ഡി.എം.ഒ എറണാകുളം തീയതി: 11.01.2018 & 15.01.2018.
4) എ4-352/18 ഡി.എം.ഒ ഇടുക്കി തീയതി 16.01.2018 & 18.01.2018.
5) ഏ5-21071/17/ഡി.എം.ഒ കൊല്ലം 28.12.2017, 22.1.18, 30.1.18, 29.12.17.
6) എ6-456/13385/17/ഡി.എം.ഒ പത്തനംതിട്ട തീയതി 1.2.18, 30.1.18.
7) എ5-476/18/ഡി.എം.ഒ. കോട്ടയം തീയതി 15.01.2018, 22.1.18.
8) എ5-2825/17/ഡി.എം.ഒ പാലക്കാട് തീയതി 31.1.18, 17.1.18.
9) എ5-361/18/ഡി.എം.ഒ. ആലപ്പുഴ 11.01.18, 12.01.18 & 19.01.18, 31.1.18.
10) എ5-34801/17/ഡി.എം.ഒ മലപ്പുറം 22.12.17, 18.1.18.
11) എ5-1392/18/ഡി.എം.ഒ തൃശ്ശൂർ തീയതി 25.1.18.
12) ഈ ഓഫീസിലെ ഉത്തരവ് നമ്പർ ഇ.എസ്.3-76025/2010/ഡി.എച്ച്.എസ്. തീയതി: 03.01.2013.

ദ്വിഭരണ സംബ്രദായം നിർത്തലാക്കിയതിൻെറ ഫലമായി മെഡിക്കൽ കോളേജുകളിൽ ജോലി ചെയ്തിരുന്നതും ഡി.എം.ഇ.യിൽ ഓപ്ഷൻ നൽകാത്തതുമായ സ്റ്റാഫ് നേഴ്സുമാരെ അവർ ജോലി ചെയ്തിരുന്ന ജില്ലകളിൽ ഒഴിവില്ലാത്തതിനാൽ ഭരണപരമായ കാരണങ്ങളാൽ മറ്റു ജില്ലകളിൽ നിയമിക്കുകയുണ്ടായി. പ്രസ്തുത ജീവനക്കാരെ സീനിയോറിറ്റി സ്ഥാനം നഷ്ടപ്പെടാതെ ക്രമീകരിച്ച് സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സൂചന 1 & 2 പ്രകാരം ഉത്തരവാകുകയുണ്ടായി. ആയതിൻെറ അടിസ്ഥാനത്തിൽ സൂചന 3 മുതൽ 11 വരെയുള്ള കത്തുകൾ പ്രകാരം ലഭിച്ച അപേക്ഷകളിൻമേൽ പ്രസ്തുത സ്റ്റാഫ് നേഴ്സുമാരെ അനുബന്ധ ''പട്ടിക എ'' യിൽ ഉൾപ്പെടുത്തിയത് പ്രകാരം 2003-2010 കാലയളവിലെ രണ്ടാം ഗ്രേഡ് സ്റ്റാഫ് നേഴ്സുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുവാൻ താൽകാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും അക്ഷേപമുള്ള പക്ഷം 15 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ മേലധികാരി മുഖേന അപ്പീൽ സമർപ്പിക്കേണ്ടതാണ്.

പ്രസ്തുത ജീവനക്കാർ ദ്വിഭരണസംബ്രദായം നിർത്തലാക്കിയ സാഹചര്യത്തിൽ മറ്റു ജില്ലകളിൽ സ്ഥലം മാറ്റം നേടിയവരാണോ എന്ന് സേവന പുസ്തകം നോക്കി സ്ഥാപന മേധാവികൾ ഉറപ്പുവരുത്തേണ്ടതും അങ്ങനെ അല്ലാത്തപക്ഷം 15 ദിവസത്തിനുള്ളിൽ രേഖകൾസഹിതം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. ആയതിനുള്ള നിർദ്ദേശം ജില്ലാ

മെഡിക്കൽ ആഫീസർമാർ അവരുടെ പരിധിയിൽ വരുന്ന കീഴ്സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. വീഴ്ച്ച വരുത്തുന്ന പക്ഷം ടി ലിസ്റ്റുമായി ബന്ധപ്പെട്ടുവരുന്ന വിഷയങ്ങൾക്ക് സ്ഥാപനമേധാവികളും, ജില്ലാ മെഡിക്കൽ ഓഫീസർമാരും ഉത്തരവാദിയായി രിക്കുന്നതാണ്.

(ഒപ്പ്)
ഡോ. സെമീറ എ.
അഡീഷണൽ ആരോഗ്യ വകുപ്പ് ഡയറക്ടർ (എ&ടി)

സ്വീകർത്താവ്: ബന്ധപ്പെട്ടവർക്ക് (വെബ് സൈറ്റ് മുഖാന്തിരം)

പകർപ്പ്: 1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (വെബ് സൈറ്റ് മുഖാന്തിരം)
2) Website:- www.dhs.kerala.gov.in

അംഗീകാരത്തോടെ

സൂപ്രണ്ട്

എസ്.റ്റി.എസ് 3/1/18